പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 14 | 23.08.2022 -ൽ മറുപടിക്ക്

## ട്രോമ കെയർ പദ്ധതി

**ചോദ്യം**

ശ്രീ. പി. ടി. എ. റഹീം

ശ്രീ. മുരളി പെരുനെല്ലി

ശ്രീ വി ജോയി

**മറുപടി**

**വീണാ ജോർജ്**

(ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ട്രോമ കെയർ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ രൂപീകരിച്ച സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമർപ്പിച്ച, സംസ്ഥാനത്ത് റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ''Comprehensive trauma care plan cashless scheme for road accident victims'' എന്ന പദ്ധതി സർക്കാർ പരിശോധിച്ചു വരികയാണ്. സംസ്ഥാനത്ത് റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സ നിലവിൽ നൽകി വരുന്നുണ്ട്.<br>ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ആശുപത്രികളിൽ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ട്രോമോ കെയറുമായി ബന്ധപ്പെട്ട് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിവരുന്നു. അത്യാഹിത വിഭാഗം കൈകാര്യം ചെയ്യുന്ന ഡോക്ടേഴ്സിന് ആവശ്യമായ പരിശീലനം നൽകി വരികയും ചെയ്യുന്നു.<br>എറണാകുളം ജനറൽ ആശുപത്രിയിലും കണ്ണൂർ ജില്ലാ ആശുപത്രിയിലും ലെവൽ 2 ട്രോമാ കെയർ |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. NATPAC തിരഞ്ഞെടുത്ത ദേശീയ പാതയിലെ അപകട മേഖലകൾക്കു സമീപത്തായി 52 ട്രോമാ സ്റ്റെബിലൈസേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സംവിധാനം പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നുണ്ട്.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഇടുക്കി, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. വയനാട് മെഡിക്കൽ കോളേജിൽ ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട്, എറണാകുളം, മഞ്ചേരി എന്നീ മെഡിക്കൽ കോളേജുകളിൽ കാഷ്വാലിറ്റിയിൽ എത്തുന്ന ട്രോമാ കേസുകൾക്ക് ചികിത്സ നൽകി വരുന്നുണ്ട്. കൊല്ലം മെഡിക്കൽ കോളേജിൽ ട്രോമാകെയർ സംവിധാനം സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വ്യത്യസ്ത ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകളെ ഏകോപിപ്പിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാന സർക്കാരിന്റെ ആരോഗ്യ കിരണം, താലോലം, ദരിദ്ര വിഭാഗങ്ങൾക്കുള്ള ആരോഗ്യ ധന സഹായം (SMAP), കുട്ടികൾക്കുള്ള കാൻസർ സുരക്ഷാ പദ്ധതി, സാമൂഹിക നീതി വകുപ്പിന്റെ ശ്രുതിതരംഗം, സാന്ത്വനം, ആവാസ് (Health Insurance for ISM workers) എന്നീ വ്യത്യസ്ത ആരോഗ്യ സുരക്ഷാ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് സ്റ്റേറ്റ് ഹെൽത്ത് |

| | | | |
|---|---|---|---|
| | | | ഏജൻസിയുടെ കീഴിൽ ഏകീകൃത പദ്ധതി നടപ്പിലാക്കുന്നതിന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | 18 വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യ ചികിത്സ നൽകുന്ന ആരോഗ്യകിരണം പദ്ധതി എസ്.എച്ച്.എ. മുഖാന്തിരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി ആരോഗ്യ കിരണം പദ്ധതി നടപ്പിലാക്കുന്നതിനായി വാർഷിക ബജറ്റിൽ പ്ലാൻ 2022-23 ൽ 2,200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | എസ്.എച്ച്.എ. വഴി നടപ്പിലാക്കിവരുന്ന സൗജന്യ ചികിത്സാ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | എസ്.എച്ച്.എ വഴി നടപ്പിലാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. 41.8 ലക്ഷം കുടുംബങ്ങളാണ് AB-PMJAY പദ്ധതി പ്രകാരം അംഗത്വം നേടിയിട്ടുള്ളത്. ഇതിൽ 19.64 ലക്ഷം കുടുംബങ്ങളുടെ ചികിൽസാ ചിലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2021-2022 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 1002.5 കോടി ചെലവഴിച്ചിട്ടുണ്ട് 138.89 കോടി രൂപ കേന്ദ്ര വിഹിതമായി ചെലവഴിച്ചിട്ടുണ്ട്.<br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഒരു എൻടൈൽമെന്റ് സ്കീം ആണ്. എൻടൈൽ ആയ 737 ആശുപത്രികളിൽ, പദ്ധതിയിൽ അംഗമായിട്ടുള്ള കുടുംബങ്ങൾക്ക് ആശുപത്രിയുടെ കിയോസ്കിൽ നിന്ന് ഏതു സമയത്തും അംഗത്വം നേടാവുന്നതാണ്.<br>അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിൽസ ആവശ്യമായി വരുന്ന സാഹചര്യത്തിൽ KASP പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്കുകളിൽ നിന്നും താഴെപ്പറയുന്ന രേഖകൾ ഹാജരാക്കി അംഗത്വം നേടാവുന്നതാണ്.<br>1. 2018-2019 ലെ സാധുവായ ആർ എസ് ബി |

| | | | |
|---|---|---|---|
| | | | വൈ, ചിസ്, ചിസ് പ്ലസ് കർഡുകൾ<br>2. ആധാർ കാർഡ്<br>3. റേഷൻ കാർഡ്<br>4. 2011 സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം അർഹരായവർ.<br>പദ്ധതിയിൽ അംഗത്വം നേടുന്നതിന് യാതൊരുവിധ ഫീസും ഈടാക്കുന്നതല്ല. സേവനം പൂർണമായും സൗജന്യമാണ് .<br>കാസ്പ് പദ്ധതി പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ആയിട്ടുള്ള സർക്കാർ - സ്വകാര്യ ആശുപത്രികളിൽ നിന്നും കാസ്പ് - ൽ അംഗത്വം ഉള്ള കുടുംബങ്ങൾക്ക് ഓരോ വർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിൽസാ ലഭ്യമാക്കിവരുന്നു.<br>കാസ്പ്- ൽ ഉൾപ്പെടാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിനു താഴെ ആണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റത്തവണത്തേക്ക് 2 ലക്ഷം രൂപയുടെ ചികിൽസ പരിരക്ഷ (കിഡ്നി രോഗങ്ങൾക്ക് – 3 ലക്ഷം രൂപ വരെ) പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ വഴി നൽകിവരുന്നു. പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളുടെ വിവരം https://sha.kerala.gov.in/list-of-empanelled-hospitals/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ